"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത കരിങ്കല്ല് ഖനനത്തിന് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. സക്കീർ, സഫ, നഗരൂർ പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.311/2026/ID തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 13.11.2025-ലെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ DOTHI-DMG/1902/2023-M നമ്പർ ഡിമാന്റ് നോട്ടീസ്.
3. 25.11.2025, 22.01.2026-ലെ ശ്രീ. സക്കീർ, സഫ, നഗരൂർ പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ.
4. 11.02.2026-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/3250/2025-M4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ പഴയകുന്നുമ്മേൽ വില്ലേജിൽ ബ്ലോക്ക് 33 ൽ റീസർവ്വേ നമ്പർ 222 pt ൽ പെട്ട 1.2120 ഹെക്ടർ സർക്കാർ പുറമ്പോക്കിൽ നിന്ന് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ അനുവദിച്ച നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. സക്കീർ, സഫ, നഗരൂർ പി.ഒ, തിരുവനന്തപുരം എന്ന വ്യക്തിക്ക് 05/03/2024 തീയ്യതിയിൽ ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നു. വകുപ്പിൽ നിന്നുള്ള അനുമതിക്കുപരിയായി അനധികൃതമായി 53628.327 മെട്രിക് ടൺ കരിങ്കല്ല് ഖനനം ചെയ്ത് കടത്തിയതിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ₹1,33,70,798/- ഒടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. ഡിമാന്റ് തുക ഒരുമിച്ച് അടയ്ക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ മൂന്ന് മാസ ഗഡുക്കളായി ഒടുക്കുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. സക്കീർ പരാമർശം(3) അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു. ഡിമാന്റ് തുക ഗഡുക്കാളായി ഒടുക്കുന്നതിന് കെ.എം.എം.സി ചട്ടം 115 പ്രകാരം അപേക്ഷകന് അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(4) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ. സക്കീർ, സഫ, ചെമ്മരത്തുമുക്ക്, നഗരൂർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ പഴയകുന്നുമ്മേൽ വില്ലേജിൽ ബ്ലോക്ക് 33 ൽ റീസർവ്വേ നമ്പർ 222 pt ൽ പെട്ട 1.2120 ഹെക്ടർ സർക്കാർ പുറമ്പോക്കിൽ ക്വാറിയിംഗ് ലീസിലെ അനുമതിക്കുപരിയായി 53628.327 മെട്രിക് ടൺ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തതിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസിനത്തിൽ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത ₹1,33,70,798/-(ഒരുകോടി മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം മൂന്ന് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
ശ്രീ. സക്കീർ, സഫ, നഗരൂർ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 12-03-2026 12:53:43